ഇതിനുപുറമേ കേരളത്തിന്റെ താത്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്താൻ കരാർ പുനരവലോകന ചർച്ചകൾ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

വാട്ടർ അതോറിറ്റിയുടെ അദാലത്തുകൾ

9 (*369) ശ്രീ. ആർ . സെൽവരാജ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ അദാലത്തുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം തലത്തിലാണ് പ്രസ്തുത അദാലത്തുകൾ നടത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പരാതികൾ സമർപ്പിക്കുന്നതിനും അതിന് പരിഹാരം കാണുന്നതിനും എന്തെല്ലാം സംവിധാനമാണ് പ്രസ്തുത അദാലത്തുകളിൽ ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിരിക്കുന്നത് ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) കേരള വാട്ടർ അതോറിറ്റി ഡിസംബർ-ജനുവരി മാസങ്ങളിലായി ജില്ലാതല അദാലത്തുകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ജില്ലാതലത്തിലാണ് അദാലത്തുകൾ സംഘടിപ്പിക്കുന്നത്.

(സി) ഉപഭോക്താക്കൾ അവരുടെ കണക്ഷൻ ഉൾപ്പെടുന്ന ഓഫീസിലാണ് പരാതികൾ സമർപ്പിക്കേണ്ടത്. നിശ്ചിത തീയതിക്കകം കിട്ടുന്ന പരാതികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി അദാലത്ത് ദിവസം അദാലത്ത് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതും ഈ അദാലത്തുകളിൽ ഉപഭോക്താക്കളുമായി ഒരു മേശയ്ക്ക് ചുറ്റുമിരുന്ന് നാളുകളായി പരിഹാരം കാണാതെ

LIBRARY ARCHIVES Kerala Legislative Assembly

കിടക്കുന്ന വെള്ളക്കര കുടിശ്ശികയെ സംബന്ധിച്ചും കണക്ഷനെ സംബന്ധിച്ചും ചർച്ച ചെയ്ത് പരിഹാരം കാണുന്നതും നിശ്ചിത ദിവസത്തിനകം ഒത്തുതീർപ്പാക്കുന്ന തുക അടയ്ക്കുന്നതിന് അനുവദിക്കുന്നതുമാണ്.

(ഡി) പത്രം, ടി.വി, റേഡിയോ തുടങ്ങിയ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങൾ, കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിലും പ്രദർശിപ്പിച്ചിരിക്കുന്ന ബോർഡുകൾ, ബാനറുകൾ എന്നിവയിലൂടെ അദാലത്തിന്റെ വിവരം ഉപഭോക്താക്കളെ അറിയിക്കുന്നു. 25000 രൂപയിൽ കൂടുതൽ കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് നോട്ടീസ് നൽകുന്നു. തുടർന്ന് അപേക്ഷകൾ സ്വീകരിക്കുന്നതിന് സെക്ഷൻ ഓഫീസ് തലത്തിൽ പ്രത്യേക കൗണ്ടറുകൾ തുറക്കുന്നതും ഉപഭോക്താക്കളിൽനിന്നും പരാതികൾ സ്വീകരിക്കുന്നതുമാണ്.

പമ്പ-അച്ചൻകോവിൽ -വൈപ്പാർ നദീസംയോജന പദ്ധതി

10 (*370) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീ സംയോജന പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ചുള്ള ആശങ്ക കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ അഭിപ്രായം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നതു സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) അന്തർ സംസ്ഥാന നദീജലക്കരാറുകൾ പ്രകാരം സംസ്ഥാനത്തിനുള്ള ജലം ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് നേടിയെടുക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) കേരളത്തിന് ഗുണകരമല്ലാത്ത പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീസംയോജന പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് സാദ്ധ്യമായ എല്ലാ വേദികളിലും കേരളം എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് ദോഷകരമായ

LIBRARY ARCHIVES Kerala Legislative Assembly